പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, ഹയർസെക്കന്ററി വിഭാഗം,
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്,
ശാന്തിനഗർ, തിരുവനന്തപുരം

നം.എസിഡി.എസ്പിസി(3)/177032/2020/എച്ച്.എസ്.ഇ    തീയതി. 24/09/2020

# സർക്കുലർ

വിഷയം : പൊതുവിദ്യാഭ്യാസ വകുപ്പ് - ഹയർസെക്കന്ററി വിദ്യാഭ്യാസം - രണ്ടാം വർഷ സ്കൂൾ മാറ്റം / പുനഃ പ്രവേശനം സംബന്ധിച്ച്.

സൂചന : 01/07/2020 തീയതിയിലെ ഇതേ നമ്പർ സർക്കുലർ.

2020-21 അധ്യയന വർഷത്തെ രണ്ടാം വർഷ സ്കൂൾമാറ്റം/പുനഃ പ്രവേശനവുമായി ബന്ധപ്പെട്ട് സൂചന സർക്കുലർ നൽകിയിട്ടുള്ളതാണ്. ആയതിൻപ്രകാരം സ്കൂൾ തുറന്ന് 30 ദിവസത്തിനകം സ്കൂൾമാറ്റം/ പുനഃപ്രവേശന നടപടിക്രമങ്ങൾ പൂർത്തിയാക്കണമെന്നാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്. എന്നാൽ കോവിഡ്-19 രോഗവ്യാപനം മൂലം ഈ അധ്യയന വർഷം സ്കൂളുകൾ തുറന്നിട്ടില്ലാത്തതിനാൽ വിദ്യാർത്ഥികൾക്ക് ഓൺലൈൻ ക്ലാസുകളാണ് നൽകി വരുന്നത്. ആയതുകൊണ്ട് നിലവിലെ സാഹചര്യം കണക്കിലെടുത്ത് സൂചന സർക്കുലറിലെ വ്യവസ്ഥകൾ പ്രകാരം രണ്ടാം വർഷ സ്കൂൾമാറ്റം/പുനഃപ്രവേശന നടപടികൾ പൂർത്തീകരിക്കണമെന്ന് അറിയിക്കുന്നു.

ഒപ്പ്
**ജോയിന്റ് ഡയറക്ടർ**
**(അക്കാഡമിക്)**

To

എല്ലാ മേഖലാ ഉപമേധാവിമാർക്കും.
എല്ലാ ഹയർ സെക്കൻഡറി പ്രിൻസിപ്പാൾമാർക്കും.

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, ഹയർസെക്കന്ററി
വിഭാഗം, ഹൗസിംഗ് ബോർഡ്
ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം

നം.എസിഡി.എസ്പിസി(3)/177032/2020/എച്ച്.എസ്.ഇ തീയതി. 01/07/2020

## സർക്കുലർ

വിഷയം : പൊതുവിദ്യാഭ്യാസ വകുപ്പ് - ഹയർസെക്കന്ററി വിദ്യാഭ്യാസം - രണ്ടാം വർഷ സ്കൂൾ മാറ്റം പുന: പ്രവേശനം സംബന്ധിച്ച്.

സൂചന : 1. 11/05/2009 ലെ സർക്കാർ ഉത്തരവ് (സാധ)1826/09/പൊ.വി.വ
2. 12/12/2012 ലെ സർക്കാർ ഉത്തരവ് (സാധ) നം.5947/12/പൊ.വി.വ
3. 22/12/2015 ലെ സ.ഉ (കൈ) നം 314/2015/പൊ.വി.വ.

സൂചന (1) ലെ ഉത്തരവ് പ്രകാരം ഹയർസെക്കന്ററി തലത്തിലെ സ്കൂൾ മാറ്റം, പുന:പ്രവേശനം തുടങ്ങിയവയുമായി ബന്ധപ്പെട്ട 2009-2010 അദ്ധ്യയന വർഷം മുതൽ വ്യക്തമായ ഉത്തരവ് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ളതാണ്.

ഒന്നാം വർഷം സ്റ്റേറ്റ് സിലബസിൽ ഗവ/എയിഡഡ്/അൺഎയിഡഡ് സ്കൂളുകളിൽ പഠിച്ച് ഒന്നാം വർഷ പരീക്ഷ എഴുതിയ കുട്ടികളുടെ സബ്ജക്ട് കോമ്പിനേഷനിലും രണ്ടാം ഭാഷയിലും മാറ്റം ഇല്ലാതെയുള്ള സ്കൂൾ മാറ്റ അപേക്ഷകൾ പരിഗണിച്ച് സീറ്റുകൾ ഒഴിവുണ്ടെങ്കിൽ പ്രവേശനം നൽകുന്നതിനുള്ള അധികാരം അതാതു ഹയർസെക്കന്ററി സ്കൂൾ പ്രിൻസിപ്പൽമാർക്കായിരിക്കും. ഗവ/എയിഡഡ്/അൺഎയിഡഡ് സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് പരസ്പരം സ്കൂൾ മാറ്റം അനുവദനീയമാണ്. രണ്ടാം വർഷത്തേക്കുള്ള സ്കൂൾമാറ്റ അപേക്ഷകൾ സ്കൂൾ തുറന്ന് 30 (മുപ്പത്) ദിവസത്തിനുള്ളിൽ സൂചന (1) സർക്കാർ ഉത്തരവിൽ നിഷ്ക്കർഷിക്കുന്ന പ്രകാരം പൂർത്തിയാക്കേണ്ടതാണ്.

മറ്റ് സംസ്ഥാനം/രാജ്യം/സി.ബി.എസ്.ഇ തുടങ്ങിയ പാഠ്യപദ്ധതികളിൽ പഠിച്ച് രണ്ടാം വർഷ പഠനത്തിന് യോഗ്യത നേടിയ വിദ്യാർത്ഥികൾക്ക് രണ്ടാം വർഷത്തേക്ക് ഒഴിവുള്ള ഹയർ സെക്കണ്ടറി സീറ്റുകളിൽ ലാറ്ററൽ എൻട്രി മുഖേന പ്രവേശനം നൽകുന്ന കാര്യത്തിൽ സബ്ജക്ട് കോമ്പിനേഷനിൽ മാറ്റമില്ലെങ്കിൽ അനുമതി നൽകുവാനുള്ള അധികാരം പൊതുവിദ്യാഭ്യാസ ഡയറക്ടറിൽ നിക്ഷിപ്തമാണ്. ഇത്തരത്തിൽ രണ്ടാം വർഷം പ്രവേശനം നേടിയ വിദ്യാർത്ഥികൾ (റഗുലർ സ്കീമിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കായി) ഡയറക്ടറേറ്റ് നടത്തുന്ന ഒന്നാം വർഷ ഇംപ്രൂവ്മെന്റ് പരീക്ഷയോടൊപ്പം ഒന്നാം വർഷത്തെ രണ്ടാം ഭാഷ ഉൾപ്പെടെ എല്ലാ വിഷയങ്ങളിലും പരീക്ഷ എഴുതണം. ഈ സ്കോറുകൾകൂടി പരിഗണിച്ചായിരിക്കും അവരുടെ അന്തിമഫലം നിർണ്ണയിക്കുക. ഇവർ ഒന്നാം വർഷ വിദ്യാർത്ഥികൾക്കു നിർദ്ദേശിച്ചിട്ടുള്ള തരത്തിലുള്ള തുടർ മൂല്യനിർണ്ണയത്തിന് വിധേയരാകണം.

ഹയർസെക്കന്ററി ഒന്നാം വർഷം പൂർത്തിയാക്കുകയും രണ്ടാം വർഷം പഠനം മുടങ്ങുകയും ചെയ്ത വിദ്യാർത്ഥികൾക്ക് രണ്ടാം വർഷം തുടർന്ന് പഠിക്കണമെന്നുണ്ടെങ്കിൽ രണ്ടാം വർഷത്തേക്ക് പുന:പ്രവേശനം നേടാം. ഒന്നാംവർഷ

പരീക്ഷയെഴുതാത്തവർ ഒന്നാംവർഷ വിദ്യാർത്ഥികൾക്കായി നടത്തുന്ന ഇംപ്രൂവ്മെന്റ് പരീക്ഷയോടൊപ്പം ഒന്നാം വർഷത്തെ രണ്ടാം ഭാഷ ഉൾപ്പടെയുള്ള വിഷയങ്ങൾക്ക് പരീക്ഷ എഴുതേണ്ടതും തുടർ മൂല്യനിർണ്ണയത്തിന് വിധേയരാകേണ്ടതുമാണ്. ഇത്തരം വിദ്യാർത്ഥികൾക്ക് സീറ്റുകളുടെ ലഭ്യതയ്ക്ക് വിധേയമായി രണ്ടാം വർഷത്തേയ്ക്ക് പുനഃപ്രവേശനം അനുവദിക്കുന്നതിനുള്ള അധികാരം ഹയർസെക്കന്ററി റീജ്യണൽ ഡെപ്യൂട്ടി ഡയറക്ടർക്കായിരിക്കും. സ്കൂൾ തുറന്ന് രണ്ടാം വർഷ ക്ലാസ് ആരംഭിച്ച ശേഷം 30 (മുപ്പത്) ദിവസങ്ങൾക്കകം അപേക്ഷിക്കുന്നവരെ മാത്രമേ പുനഃപ്രവേശനത്തിനായി പരിഗണിക്കുകയുള്ളൂ.

സൂചന 2, 3 ഉത്തരവ് പ്രകാരം കേരള സ്റ്റേറ്റ് ഓപ്പൺ സ്കൂൾ മുഖേന റഗുലർ/പ്രൈവറ്റ് സ്ട്രീമിൽ ഒന്നാം വർഷ ഹയർ സെക്കന്ററി കോഴ്സ് പൂർത്തീകരിച്ച വിദ്യാർത്ഥികൾക്ക് രണ്ടാം വർഷ റഗുലർ ഹയർ സെക്കന്ററി സ്കൂളിലേക്ക് താഴെപ്പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി പ്രവേശനം അനുവദിക്കാവുന്നതാണ്.

എ) പ്രവേശനം തേടുന്ന റഗുലർ സ്കൂളിൽ രണ്ടാം വർഷ ഹയർ സെക്കന്ററി സീറ്റുകൾ ഒഴിവുണ്ടായിരിക്കണം.

ബി) സ്കൂൾ മാറ്റത്തിന് ഓപ്പൺ സ്കൂൾ വിദ്യാർത്ഥികളെ പരിഗണിക്കുമ്പോൾ ടി അപേക്ഷകരിൽ റഗുലർ വിദ്യാർത്ഥികൾക്കാണ് മുൻഗണന നൽകേണ്ടത്.

സി) രണ്ടാം വർഷത്തേക്കുള്ള ഓപ്പൺ സ്കൂൾ അപേക്ഷകന് പ്ലസ്വൺ കോഴ്സിന് നിശ്ചയിച്ചിട്ടുള്ള ഉയർന്ന പ്രായപരിധി കവിയാൻ പാടില്ലാത്തതാകുന്നു.

ഡി) അപേക്ഷകർ ഓപ്പൺ സ്കൂളിൽ പഠിച്ചിരുന്ന അതേ സബ്ജക്ട് കോമ്പിനേഷനോടുകൂടിയുള്ള (രണ്ടാം ഭാഷ ഉൾപ്പെടെ) സ്കൂളിലേക്കാണ് പ്രവേശനം തേടേണ്ടത്. പ്രവേശനം തേടാനുദ്ദേശിക്കുന്ന സ്കൂൾ പ്രിൻസിപ്പാളിന്റെ വ്യക്തമായ വേക്കൻസി റിപ്പോർട്ട്, സമ്മതപത്രം എന്നിവ അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.

ഇ) പ്രവേശനം നേടിയ ഓപ്പൺ സ്കൂൾ വിദ്യാർത്ഥികൾ പി.ടി.എ ഫണ്ടിനു പുറമേ പ്ലസ്വൺ, പ്ലസ്ടു കോഴ്സുകൾക്കുള്ള സ്പെഷ്യൽ ഫീ കൂടി നൽകേണ്ടതാണ്.

എഫ്) ഓപ്പൺ സ്കൂൾ വിദ്യാർത്ഥികളുടെ സ്കൂൾമാറ്റ അപേക്ഷകൾ പരിഗണിച്ച് അർഹരായവർക്ക് മാറ്റം അനുവദിച്ചു ഉത്തരവ് നൽകേണ്ടതിന്റെ ഉത്തരവാദിത്വം ബന്ധപ്പെട്ട റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർക്കായിരിക്കും.

ജി) സ്കൂൾ മാറ്റത്തിനുള്ള അപേക്ഷ നൽകുമ്പോൾ സ്വന്തം അപേക്ഷയോടൊപ്പം അപേക്ഷകൻ പ്ലസ്വൺ കോഴ്സിനു പഠിച്ചിരുന്ന സബ്ജക്ട് കോമ്പിനേഷൻ വ്യക്തമാക്കുന്ന ഓപ്പൺ സ്കൂൾ ഡയറക്ടറുടെ എൻ.ഒ.സി (നോൺ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ്) പ്രവേശനം നേടാനുദ്ദേശിക്കുന്ന സ്കൂൾ പ്രിൻസിപ്പലിന്റെ വേക്കൻസി റിപ്പോർട്ട്, സമ്മതപത്രം എന്നിവ സമർപ്പിക്കേണ്ടതും പ്രവേശന സമയത്ത് ഓപ്പൺ സ്കൂളിൽ നിന്നുള്ള ടി.സി ഹാജരാക്കേണ്ടതുമാണ്.

എച്ച്) അതാത് അധ്യയന വർഷത്തെ പ്ലസ്വൺ റഗുലർ പ്രവേശനം പൂർത്തിയാക്കുന്ന തീയതിക്കു മുമ്പുതന്നെ ഓപ്പൺ സ്കൂൾ വിദ്യാർത്ഥികൾക്കുള്ള പ്ലസ്ടു സ്കൂൾമാറ്റ നടപടികൾ പൂർത്തീകരിക്കേണ്ടതാണ്.

ഒപ്പ്

**ഡയറക്ടർ**